**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

നം.ഡി.സി.1/191/2020/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01/05/2020

<u>സർക്കുലർ</u>

വിഷയം:- ത.സ്വ.ഭ.വ. - മഴക്കാല പൂർവ്വ ശുചീകരണം-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, വരൾച്ചയും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന:-
1. 5/2/2020-ലെ സർക്കുലർ നം.46/ഡി.സി.1/2020/ത.സ്വ.ഭ.വ.
2. 26/3/2020-ലെ സർക്കുലർ നം.71/ഡി.സി.1/2020/ത.സ്വ.ഭ.വ.
3. 20/4/2020-ലെ സർക്കുലർ നം.188/ഡി.സി.1/2020/ത.സ്വ.ഭ.വ. (i)
4. 20/4/2020-ലെ സർക്കുലർ നം.188/ഡി.സി.1/2020/ത.സ്വ.ഭ.വ.(ii)
5. മഴക്കാല പൂർവ്വ ശുചീകരണം-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, വരൾച്ചയും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17/04/2020-ൽ ചേർന്ന അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

2020-ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തം കൂടി ഉറപ്പാക്കി ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന(1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ട ശ്രദ്ധാപൂർവ്വമായ ഇടപെടലുകളും ഇതിനായി സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി സൂചന (2) പ്രകാരവും ആയതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ട മാലിന്യ സംസ്കരണ - അണുനശീകരണ പ്രവർത്തനങ്ങളും വിവിധ സ്രോതസ്സുകളിൽ നിന്നും ബയോമെഡിക്കൽ മാലിന്യങ്ങളും ഖരമാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കപ്പെടുന്നതിലേക്ക് സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച് നിർദ്ദേശം നൽകി സൂചന (3), (4) പ്രകാരവും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മഴക്കാല പൂർവ്വ ശുചീകരണം-പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, വരൾച്ചയും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച് 17/04/2020-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സൂചന (5) പ്രകാരമുള്ള അവലോകന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. കൊതുക് നിർമ്മാർജ്ജനം ഉൾപ്പെടെ രോഗപ്രതിരോധത്തിനായി മേൽ സൂചിപ്പിച്ച സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഓടകൾ, കാനകൾ തുടങ്ങിയവയിലെ തടസ്സം മാറ്റുന്നതിനും അവ വൃത്തിയാക്കി വെള്ളം കെട്ടിനിൽക്കാതെ ഒലിച്ചു പോകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികളും തദ്ദേശ സ്ഥാപനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
2. തോടുകൾ, കുളങ്ങൾ, കിണറുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ, ബസ് സ്റ്റാന്റുകൾ, പൊതു ടോയ്ലറ്റുകൾ, മാർക്കറ്റുകൾ, പാതയോരങ്ങൾ തുടങ്ങിയ പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.
3. പൊതു ഇടങ്ങൾ വൃത്തിയാക്കുന്നതിന് പരമാവധി 5 പേർ മാത്രമേ ഒരു സ്ഥലത്തുണ്ടാകാൻ പാടുള്ളൂ. ജോലി ചെയ്യാൻ സന്നദ്ധതയുള്ള അതിഥി തൊഴിലാളികൾ, ഹരിത കർമ്മസേന പ്രവർത്തകർ, സന്നദ്ധം പോർട്ടലിൽ രജിസ്റ്റർ ചെയ്ത വോളന്റിയർമാർ തുടങ്ങിയവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.
4. കോവിഡ്-19 ഹോട്ട് സ്പോട്ട് മേഖലയിൽ ശുചീകരണ പ്രവർത്തനങ്ങൾ സൂചന (4) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് നടപ്പാക്കേണ്ടതാണ്. ഇതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ രണ്ട് പേർക്ക് (ഹരിത കർമ്മസേന, സന്നദ്ധം വോളന്റിയർ) പരിശീലനം നൽകി ഹരിതകേരളം മിഷന്റെ മേൽനോട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പികക്കേണ്ടതാണ്.
5. ശുദ്ധജല ലഭ്യത കേരള വാട്ടർ അതോറിറ്റി ഉറപ്പു വരുത്തേണ്ടതും തദ്ദേശസ്ഥാപനങ്ങൾ അത് ജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കൃത്യമായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. മഴക്കാലത്തിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കണം. ചീഫ് എഞ്ചിനീയർ, പൊതുമാരാമത്ത് (Roads) വകുപ്പ്, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർ ഇക്കാര്യം ഉറപ്പു വരുത്തേണ്ടതാണ്.
7. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ മഴക്കാലത്തിന് മുൻപ് പൂർത്തിയാക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.
8. നിർമ്മാണ മേഖലയിൽ ലോക് ഡൌണുമായി ബന്ധപ്പെട്ട ഇളവുകൾ നിലവിൽ വരുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സുരക്ഷയും സാമൂഹിക അകലം പാലിക്കുന്നതുൾപ്പെടെയുള്ള 'ബ്രേക്ക് ദ ചെയിൻ' പ്രോട്ടോക്കോൾ പാലിക്കുന്ന വിഷയവും സംബന്ധിച്ച് തൊഴിൽ

വകുപ്പുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.04 11:33:42 IST
Reason: Approved

സെക്ഷൻ ഓഫീസർ.

**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എം.ഡി. കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ജലസേചന വകുപ്പ്
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്
ലേബർ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ജലവിഭവ വകുപ്പ്
തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
റവന്യൂ വകുപ്പ്
ധനകാര്യ വകുപ്പ്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്
തൊഴിലും നൈപുണ്യവും വകുപ്പ്

പകർപ്പ്:-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.എക്സൈസും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതുമരാമത്ത് വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്